പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 22

# 2011-ലെ ക്രിമിനൽ നിയമങ്ങൾ ഭേദഗതി (കേരള ഭേദഗതിയും വ്യാപനവും) ബിൽ

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 22

# 2011-ലെ ക്രിമിനൽ നിയമങ്ങൾ ഭേദഗതി (കേരള ഭേദഗതിയും വ്യാപനവും) ബിൽ

1908-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റും 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റും പ്രസ്തുത ആക്റ്റുകൾ നിലവിലില്ലാതിരുന്ന കേരള സംസ്ഥാനത്തെ പഴയ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1908-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റും 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റും പ്രസ്തുത ആക്റ്റുകൾ നിലവിലില്ലാതിരുന്ന കേരള സംസ്ഥാനത്തെ പഴയ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ ഇനിപറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ ക്രിമിനൽ നിയമങ്ങൾ ഭേദഗതി (കേരള ഭേദഗതിയും വ്യാപനവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1908-ലെ 14-ാം ആക്റ്റിന്റെ ഭേദഗതി.—1908-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിലെ (1908-ലെ 14-ാം കേന്ദ്ര ആക്റ്റ്) 1-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "കേരള സംസ്ഥാനത്തെ പഴയ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ അല്ലാത്ത" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ് ;

(ii) (3)-ാം ഉപവകുപ്പിനോട്, ഇനിപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ 2011-ലെ ക്രിമിനൽ നിയമങ്ങൾ ഭേദഗതി (കേരള ഭേദഗതിയും വ്യാപനവും) ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അപ്രകാരം പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് അത് നിലവിലില്ലാതിരുന്ന കേരള സംസ്ഥാനത്തിന്റെ ആ ഭാഗങ്ങളിൽ ആക്റ്റ് പൂർണ്ണമായി പ്രാബല്യത്തിൽ വരുന്നതാണ്."

3. 1932-ലെ 23-ാം ആക്റ്റിന്റെ ഭേദഗതി.—1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിലെ (1932-ലെ 23-ാം കേന്ദ്ര ആക്റ്റ്) 1-ാം വകുപ്പിൽ ,—

(i) (2)-ാം ഉപവകുപ്പിൽ, "കേരള സംസ്ഥാനത്തെ പഴയ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ അല്ലാത്ത" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ് ;

(ii) (4)-ാം ഉപവകുപ്പിനോട് ഇനിപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ 2011-ലെ ക്രിമിനൽ നിയമങ്ങൾ ഭേദഗതി (കേരള ഭേദഗതിയും വ്യാപനവും) ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അപ്രകാരം പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് അത് നിലവിലില്ലാതിരുന്ന കേരള സംസ്ഥാനത്തിന്റെ ആ ഭാഗങ്ങളിൽ ആക്റ്റ് പൂർണ്ണമായി പ്രാബല്യത്തിൽ വരുന്നതാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ സുരക്ഷയുടെ അടിവേരുകളെ മുറിക്കാൻ ശ്രമിക്കുന്ന മതമൗലിക വാദികളിൽ നിന്നും വിധ്വംസകശക്തികളിൽനിന്നും വർദ്ധിച്ചുവരുന്ന ഭീഷണികളുടെ വെളിച്ചത്തിൽ അത്തരം ഭീഷണികളെ നേരിടുന്നതിനും അവസാനിപ്പിക്കുന്നതിനുമായി ക്രമസമാധാന സംവിധാനത്തെ ഫലപ്രദമായ നിയമ നടപടികൾ കൊണ്ട് സജ്ജമാക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു. അത്തരം ശക്തികളെ കൈകാര്യം ചെയ്യുന്നതിനായി ഫലപ്രദമായ നിയമം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് കരുതുന്നു. അതിനാൽ 1908-ലെ ഇന്ത്യൻ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിലെയും (1908-ലെ 14-ാം കേന്ദ്ര ആക്റ്റ്) 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിലെയും (1932-ലെ 23-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ സംസ്ഥാനത്താകമാനം ബാധകമാക്കേണ്ടതുണ്ട്.

2. മേൽപ്പറഞ്ഞ ആക്റ്റുകൾ ഇപ്പോൾ പഴയ മലബാർ പ്രദേശത്തുമാത്രം ബാധകമായതിനാൽ, കേരള സംസ്ഥാനത്തൊട്ടാകെ അവ ബാധകമാക്കുന്നതിന് 1908-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റും 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റും ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഉമ്മൻ ചാണ്ടി

(ശരിത്തർജ്ജമ)

## 1908-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിൽ (1908-ലെ 14-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 1908-ലെ ഇൻഡ്യൻ ക്രിമിനൽ നിയമ (ഭേദഗതി ആക്റ്റ്) എന്ന് പേര് പറയാം.

(2) ഇതിന്, 1956 നവംബർ 1-ന് തൊട്ടുമുമ്പുള്ള ബി ഭാഗം സംസ്ഥാനങ്ങളിൽ വരുന്ന ഭൂപ്രദേശങ്ങൾ ഒഴികെ, ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് അസ്സാമിലും 1956 നവംബർ 1-ന് തൊട്ടുമുൻപ്, പശ്ചിമ ബംഗാൾ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന ഭൂപ്രദേശങ്ങളിലും ബാധകമാകുന്നതാണ് ; എന്നാൽ ഏതെങ്കിലും സംസ്ഥാനത്തെ സംസ്ഥാന സർക്കാരിന് ഏത് സമയത്തും, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന് വ്യാപ്തിയുള്ള അതിന്റെ ഭരണത്തിൻ കീഴിലുള്ള പ്രദേശങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ ഈ ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടു വരാവുന്നതാണ്.

** ** ** **

## 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിൽ (1932-ലെ 23-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

1. ചുരുക്കപ്പേരും വ്യാപ്തിയും കാലയളവും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന്, 1956 നവംബർ 1-ന് തൊട്ടുമുമ്പുള്ള ബി ഭാഗം സംസ്ഥാനങ്ങളിൽ വരുന്ന ഭൂപ്രദേശങ്ങൾ ഒഴികെ, ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ** ** ** **

(4) 7-ാം വകുപ്പ് ഒഴികെ ആക്റ്റ് മുഴുവനും ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്. കൂടാതെ, സംസ്ഥാനസർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി, ഏതെങ്കിലും പ്രദേശത്ത് ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന അങ്ങനെയുള്ള തീയതിയിൽ 7-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

** ** ** **